# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/19/2018 2018 ജനുവരി 24

## പത്രക്കുറിപ്പ്

**ഹരിത രാസ പദാർത്ഥ വികസനം: എം.ജി. നാനോ സെന്ററിന് റഷ്യൻ സർക്കാരിന്റെ 9.45 കോടി രൂപയുടെ ഗവേഷണ പദ്ധതി**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിക്ക് 90 ദശലക്ഷം റൂബിളിന്റെ (9.45 കോടി രൂപ) റഷ്യൻ ഫെഡറേഷൻ സർക്കാരിന്റെ അന്താരാഷ്ട്ര ഗവേഷണ പദ്ധതി. എം.ജി.ക്ക് രാജ്യത്തിന് പുറത്തുനിന്ന് ലഭിക്കുന്ന ഏറ്റവും ബൃഹത്തായ ഗവേഷണ പദ്ധതിയാണിത്.

സുസ്ഥിര വികസനം ഉറപ്പാക്കാനുതകുന്ന കൃഷി രീതികൾക്കാവശ്യമായ ഹരിത രാസപദാർത്ഥങ്ങൾ വികസിപ്പിക്കുകയാണ് ലക്ഷ്യം. റഷ്യൻ സർവ്വകലാശാല കാർഷിക വിളകളെക്കുറിച്ചുള്ള പരീക്ഷണങ്ങൾ നടത്തും. പിന്നീട് ഇരു സർവ്വകലാശാലകളും നൂതനാശയങ്ങൾ സമന്വയിപ്പിക്കും.

ലോകത്തിലെ പ്രമുഖ ശാസ്ത്രജ്ഞന്മാരിൽ നിന്ന് പ്രശസ്ത നാനോ വിദഗ്ദ്ധനും എം.ജി. പ്രോ വൈസ് ചാൻസലറുമായ പ്രൊഫ. സാബു തോമസിനെയും റഷ്യയിലെ സൈബിരിയൻ ഫെഡറൽ സർവ്വകലാശാലയിലെ പ്രൊഫ. റ്റെറ്റിയാന വോൾവോയുമാണ് പദ്ധതിയ്ക്ക് ചുക്കാൻ പിടിക്കാൻ തെരഞ്ഞെടുത്തിരിക്കുന്നത്.

മൂന്ന് വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതിയുടെ ഒന്നാം വർഷം 25 ദശലക്ഷം റൂബിളും, രണ്ടാം വർഷം 26.2 ദശലക്ഷം റൂബിളും, മൂന്നാം വർഷം 38 ദശലക്ഷം റൂബിളും ലഭിക്കും.

ആഗോള സർവ്വകലാശാലകളിലെ ശാസ്ത്രകാരന്മാർ ഈ പദ്ധതിയ്ക്കായി അപേക്ഷിച്ചിരുന്നു. റഷ്യൻ സർക്കാർ രണ്ടാം തവണയാണ് ഈ ഗവേഷണത്തിന് പണം അനുവദിക്കുന്നത്. 2015-18 കാലയളവിലെ ആദ്യ ഗവേഷണ പദ്ധതി അമേരിക്കയിലെ എം.ഐ.റ്റി.യിലെ പ്രൊഫ. സിങ്കിയ്ക്കാണ് ലഭിച്ചിരുന്നത്.

പ്രൊഫ. സാബു തോമസിന്റെ 750ൽപ്പരം ഗവേഷണ പ്രബന്ധങ്ങളും, 33000ൽപ്പരം ശാസ്ത്ര പരാമർശങ്ങളും, ഉയർന്ന ഗവേഷണ സൂചകങ്ങളും പ്രശസ്തമായ ഈ പദ്ധതി എം.ജി.യിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചതായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിച്ചിരിക്കുന്ന ജൈവം പദ്ധതിയുടെയും കേരള സർക്കാരിന്റെ ഹരിത കേരളം പദ്ധതിയ്ക്കും അക്കാദമിക ശക്തി പകരുന്നതാണ് ഈ റഷ്യൻ ഗവേഷണ കരാർ. നാനോ സെന്ററിന്റെ ഡയറക്ടറായ പ്രൊഫ. നന്ദകുമാർ കളരിക്കൽ ഈ ഗവേഷണ പദ്ധതിയിൽ നിർണ്ണായക പങ്കുവഹിക്കും.

എം.ജി.യിലെ 10 യുവ ഗവേഷക വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും റഷ്യൻ സർവ്വകലാശാല സന്ദർശിച്ച് പഠനങ്ങൾ നടത്താനാവും.

**അടിക്കുറിപ്പ്**
**ഹരിത രാസ പദാർത്ഥ വികസനത്തിന് 9.45 കോടി രൂപയുടെ റഷ്യൻ സർക്കാർ പ്രൊജക്ട് കരസ്ഥമാക്കിയ എം.ജി. പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്**

**സൈബിരിയൻ ഫെഡറൽ സർവ്വകലാശാലാ ലോഗോ**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ലോഗോ**

**ഡോ. റോയ് സാം ഡാനിയേൽ എം.ജി. സിൻഡിക്കേറ്റ് അംഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിൽ നിന്നും കോട്ടയം സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ഡോ. റോയ് സാം ഡാനിയേലിനെ നാമനിർദ്ദേശം ചെയ്തു.

**അടിക്കുറിപ്പ്**
**എം.ജി. സിൻഡിക്കേറ്റ് അംഗമായി നിയമിതനായ ഡോ. റോയ് സാം ഡാനിയേൽ**

**ജൂനിയർ/സീനിയർ സോഫ്റ്റ്വെയർ എഞ്ചിനീയർ വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ജൂനിയർ സോഫ്റ്റ്വെയർ എഞ്ചിനീയർ/സീനിയർ സോഫ്റ്റ്വെയർ എഞ്ചിനീയർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ഫെബ്രുവരി 2ന് സർവ്വകലാശാലാ ആസ്ഥാനത്ത്വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (പുതിയ സ്കീം - 2016 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (പഴയ സ്കീം, 2009 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 29 വരെയും, 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഫെബ്രുവരി 2 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2016 അഡ്മിഷൻ റഗുലർ/2015, 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 29 വരെയും 50 രൂപ ഫൈനോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 2 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് (സി.ബി.സി.എസ്.എസ്.) വൊക്കേഷണൽ മോഡൽ രണ്ട് (കമ്പ്യൂട്ടർ സയൻസ്) ബിരുദ പരീക്ഷയുടെ പ്രായോഗിക പരീക്ഷ ജനുവരി 29, 30, 31 തീയതികളിൽ വിവിധ കോളേജുകളിൽവച്ച് നടക്കും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.പി.എഡ്. ഡിഗ്രി (റഗുലർ/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ജനുവരി 29ന് മൂലമറ്റം സെന്റ് ജോസഫ്സ് അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ ആന്റ് റിസർച്ചിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**മേഴ്സി ചാൻസ് പരീക്ഷ**

രണ്ടാം വർഷ പ്രൊഫഷണൽ ബി.എ.എം.എസ്. വിദ്യാർത്ഥികൾക്കായുള്ള രണ്ടാം മേഴ്സി ചാൻസ് പരീക്ഷ ഫെബ്രുവരി 20ന് ആരംഭിക്കും.

**വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ കോട്ടയം തലപ്പാടിയിൽ പ്രവർത്തിക്കുന്ന അന്തർ സർവ്വകലാശാലാ ബയോമെഡിക്കൽ ഗവേഷണകേന്ദ്രത്തിൽ സൈക്കാട്രിസ്റ്റ്, പ്രോജക്ട് അസോസിയേറ്റ് (മോളിക്കുലാർ സെൽ ബയോളജി), പ്രോജക്ട് അസോസിയേറ്റ് (സൈറ്റോജനിറ്റിക്സ്), പ്രോജക്ട് അസോസിയേറ്റ് (ബയോ ഇൻഫോർമാറ്റിക്സ്), പ്രോജക്ട് ഫെല്ലോ (സൈക്കോളജി), പ്രോജക്ട് ഫെല്ലോ (മോളിക്കുലാർ സെൽ ബയോളജി), ലാബോറട്ടറി ടെക്നീഷൻ കം ഫ്ളെബോടോമിസ്റ്റ്, ലാബോറട്ടറി ടെക്നീഷൻ എന്നീ തസ്തികകളിലേക്ക് ആറ് മാസത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾ www.icubr.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. മോഡൽ ഒന്ന്, രണ്ട്, മൂന്ന് (സി.ബി.സി.എസ്.എസ്. - യു.ജി., 2016 അഡ്മിഷൻ റഗുലർ, 2013 - 2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 8 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ. മോഡൽ ഒന്ന്, രണ്ട്, മൂന്ന് (സി.ബി.സി.എസ്.എസ്. 2013 മുതൽ 2016 വരെ അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 7 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം (മോഡൽ ഒന്ന്, രണ്ട്, മൂന്ന് - 2016 അഡ്മിഷൻ റഗുലർ, 2013-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 7 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**